**അടിയന്തരപ്രമേയം**

സ്വർണ്ണക്കടത്ത് കേസ് അട്ടിമറി

മി. സ്പീക്കർ: ഓർഡർ....... ഓർഡർ....... മുഖ്യമന്ത്രിയുടെ വിദേശസന്ദർശന വേളയിൽ ഡോളർ കടത്ത് നടന്നുവെന്ന് സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതി CrPC സെക്ഷൻ 164 പ്രകാരം മൊഴിനൽകിയ വിവരം പുറത്തുവന്നതിനെത്തുടർന്ന് പ്രസ്തുത കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ വിവിധ കാര്യങ്ങൾ കേരളീയ സമൂഹം അറിയാനാഗ്രഹിക്കുന്നതുകൊണ്ട് നമുക്ക് ചർച്ച ചെയ്യാം.

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ശ്രീ. ഷാഫി പറമ്പിലും മറ്റ് നാലുപേരും

ചേർന്ന് നോട്ടീസ് നൽകിയിട്ടുള്ള വിഷയത്തിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ അതുസംബന്ധിച്ച് ചട്ടം 55 പ്രകാരം ഉച്ചയ്ക്ക് 1.00 മണിക്ക് ചർച്ച ആരംഭിക്കാവുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ച. ധനാഭ്യർത്ഥനയുടെ ചർച്ചയ്ക്കായി നീക്കിവച്ചിട്ടുള്ള സമയം ഇതിനനുസരിച്ച് ക്രമീകരിക്കുന്നതാണ്.